
## തോന്നയ്ക്കൽ
## ഗവ.ഹയർ സെക്കന്ററി സ്കൂൾ

കുടവൂർ.പി.ഒ, തോന്നയ്ക്കൽ, പിൻ: 695313
ഫോൺ: 0471 2429761, 2709788
ghssthonnakkal@gmail.com,
ghss1034@gmail.com


# ഉണർവ്




ലിറ്റിൽകൈറ്റ്സ് 2019-2020. എച്ച്.എസ്.എസ്. തോന്നയ്ക്കൽ
രജി. നമ്പർ: KL/2019/43004

# <u>ഉള്ളടക്കം</u>


ആമുഖം

അംഗീകാരങ്ങൾ ബഹുമതികൾ 2019 – 20

മികവുകൾനഷ്ടപ്പെട്ട സൗഹൃദം

കഷ്ടമെൻ ഭാവി

തോരാ മഴഅമ്മമഴ

ബാല്യത്തിന്റെ മധുരം

വേദനകളുടെ അമ്മ

അമ്മ

ചെകുത്താന്റെ പിടിയിൽ

രാമായനാക്വിസ്

നല്ലതിലേക്കുള്ള വഴി

സഹോദരങ്ങളുടെ അസൂയ

നല്ലവനായ കൃഷിക്കാരൻ

അച്ഛന്റെ സ്നേഹം

മയക്കുമരുന്ന്,പുകവലി , മദ്യം ഇവ ഉണ്ടാക്കുന്ന വിപത്തുകൾ

എന്റെ കേരളം എന്റെ ഭാഷ

ലഹരി വിമുക്ത കേരളം


ലഹരി ജീവനെ ആപത്തിലാക്കുന്നു ...... ഒഴിവാക്കുക ലഹരി

ഉണ്ണിക്കണ്ണൻ


# ആമുഖം

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലെ മികവിന്റെ കേന്ദ്രങ്ങളായ പൊതുവിദ്യാലയങ്ങളിൽ മുൻ നിരയിലുള്ള വിദ്യാലയമാണ് തോന്നയ്ക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ. കണിയാപുരം ഉപവിദ്യാഭ്യാസ ജില്ലയിലെ മാതൃകാ വിദ്യാലയമായ നമ്മുടെ സ്കൂൾ ഓരോ വർഷവും മികവുകൾ പൂർവ്വാധികം ശോഭയോടെ ആവർത്തിക്കുകയും മികവിനനുഗുണമായി കുട്ടികളുടെ എണ്ണത്തിൽ വൻ വർധനവുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. 2016-17 കാലഘട്ടത്തിൽ കുട്ടികളുടെ എണ്ണം യു.പി 427 ഉം എച്ച്.എസ് 728 ഉം ആയിരുന്നെങ്കിൽ 2019-20 ൽ അത് യഥാക്രമം 556 ഉം 800 ഉം ആയി വർധിച്ചുവെന്നത് നമ്മുടെ മികവിന്റെ സക്ഷ്യപത്രമാണ്. അവധിക്കാലത്ത് പൊതു എസ്.ആർ.ജി മീറ്റിങ്ങുകളിലൂടെയും അധ്യാപക രക്ഷകർതൃ കൂട്ടായ്മകളിലൂടെയും അടുത്ത അക്കാദമിക വർഷത്തേക്കുള്ള വാർഷികാസൂത്രണം തയ്യാറാക്കുന്നു. ഇത്തരം ആസൂത്രണങ്ങളാണ് മികവിന്റെ കേന്ദ്രമായി നമ്മുടെ സ്കൂളിനെ ഉയർത്തിയത്. നിരവധി പഠനബോധനരീതികളും തന്ത്രങ്ങളും നമ്മുടെ സ്കൂളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പഠന പരിമിതി മറികടക്കാനും പഠന നിലവാരം ഉയർത്താനും നിരവധി പ്രവർത്തന പരിപാടികൾ സ്കൂളിൽ നടപ്പാക്കുന്നുണ്ട്. പ്രത്യേകയിനങ്ങളിലും മേഖലകളിലും പ്രതിഭകളായ കുട്ടികളെ കണ്ടെത്താനും പരിശീലനം നൽകാനും നമുക്ക് സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനോപകരണങ്ങൾ പഠന പിന്തുണാസംവിധാനങ്ങൾ എന്നിവ സ്കൂളിൽ നടപ്പിലാക്കി. അധ്യാപക ശാക്തീകരണ പരിപാടികളും , ശക്തമായ മോണിറ്ററിംഗ് സംവിധാനങ്ങളും സ്കൂളിന്റെ മികവിനെ ഉയർത്താൻ സഹായകമായി. കൃത്യമായി ക്ലാസ് പിടിഎ വിളിച്ചുകൂട്ടി യൂണിറ്റ് മൂല്യനിർണയ രേഖകൾ വിശകലനം ചെയ്യാനും രക്ഷകർത്താക്കളുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഠന നിലവാരം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. അധിക സമയ പഠന പ്രവർത്തനങ്ങളിലൂടയും  അവധിക്കാല ക്യാമ്പുകളിലൂടെയും പ്രതിഭാ പരിപോഷണം, ഉറപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ സമ്പൂർണ്ണ ഹൈടെക് ക്ലാസ്മുറികൾ വഴി പഠനപ്രവർത്തനങ്ങൾ സജ്ജമാക്കി പരിസ്ഥിതി സൗഹൃദ പഠനമുറി പരിസ്ഥിതി സഭ എന്നിവ പരിസ്ഥിതി സൗഹൃദ പഠനത്തെ പ്രോത്സാഹിപ്പിച്ചു വരുന്നു. വായനയെ ജനകീയമാക്കി കൊണ്ട് എല്ലാ ക്ലാസ്മുറികളിലും ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുകയും പുസ്തക വിതരണ രജിസ്റ്ററും വയനക്കുറിപ്പ് അവതരണവും രജിസ്റ്ററും സ്ഥാപിക്കുകയും ചെയ്തു.ഇത്തരത്തിൽ വിവിധ പ്രവർത്തനങ്ങളിലൂടെ ധാരാളം മികവുകളും പുരസ്കാരങ്ങളും നമ്മുടെ സ്കളിനെ തേടിയെത്തുകയുണ്ടായി. പൊതുപരീക്ഷകളലി മികച്ച വിജയം, വിവിധ മേഖലകളിലെ മികവുകൾ, ഉയരുന്ന പഠന നിലവാരം, പഠന പരിമിതിയുള്ളവർക്കും ഭിന്നശേഷിക്കാർക്കും പിന്തുണയിലൂടെയും

പ്രത്യേക ക്ലാസുകളിലൂടെയും മികവ്, നിർബന്ധിത സൗജന്യ വിദ്യാഭ്യാസ പിന്തുണയിലൂടെ ഉള്ള മികവ്, പ്രത്യേക വൈഭവമുള്ള കുട്ടികൾക്ക് പരിശീലനത്തിലൂടെ മികവ്, മെച്ചപ്പെട്ട പഠനബോധനരീതികളിലൂടെയും, തന്ത്രങ്ങളിലൂടെയും പഠനമികവ്, പഠനോത്സവങ്ങൾ, ഫീൽഡ് ട്രിപ്പ്, തുടങ്ങിയവയിലൂടെയുള്ള പഠന പ്രോത്സാഹനം തുടങ്ങി ധാരാളം പ്രവർത്തനങ്ങളിലൂടെ മികവ് ഉയർത്തികൊണ്ടുവരാൻ നമുക്ക സാധിച്ചു. ഭൗതിക സാഹചര്യങ്ങളിലും മികവ് ആവർത്തിച്ചിട്ടുണ്ട്. ഓപ്പൺ ക്ലാസ് മുറി, ജൈവവൈവിധ്യ ഉദ്യാനം, സ്മാർട്ട് ക്ലാസ് റൂം, ഹൈടെക് ക്ലാസുകൾ, തുടങ്ങിയവ പഠന മികവിന് കാരണമായി. സ്കൂളിന്റെ മികവ് മുൻ നിർത്തി നിരവധി പുരസ്കാരങ്ങൾ കഴിഞ്ഞ അധ്യയന വർഷവും ഈ അധ്യയന വർഷവും നാം നേടി. പി.എം ഫൗണ്ടേഷന്റെ ഹരിത വിദ്യാലയ പുരസ്കാരം മൂന്നാംസ്ഥാനം, സംസ്ഥാന സർക്കാരിന്റെ പച്ചക്കറി വികസന പദ്ധതിയിൽ മികച്ച പൊതുസ്ഥാപനത്തിനുള്ള രണ്ടാം സ്ഥാനം തുടങ്ങി നിരവധി പുരസ്കാരങ്ങളും ബഹുമതികളും നാം നേടിയെടുത്തിട്ടുണ്ട്. ഇങ്ങനെ നിരവധി അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി മികവുകൾ സ്കൂൾ നേടുകയും മികവുകൾക്ക് വിവിധ തലങ്ങളിൽ നിന്ന്  ബഹുമതികൾ ലഭിക്കുകയും ചെയ്തു. കുട്ടികളുടെ എണ്ണത്തിനാനുപാതികമായി അധ്യാപക തസ്തികകൾ  പുതുതായി സൃഷ്ടിക്കപ്പെട്ടു. പുതിയ ഡിവിഷനുകൾ രൂപം കൊണ്ടു. ഈ അധ്യയന വർഷം പുതുതായി അഞ്ച് അധ്യാപകരാണ് യു.പി.എസ്.എ മാരയി പി.എസ്.സി ലിസ്റ്റിൽ നിന്ന് ഈ സ്കൂളിൽ നവാഗതരായി ജോയിൻ ചെയ്തത്. അങ്ങനെ മികവിന്റെ ഓരോരോ മേഖലകൾ പിന്നിട്ടുമുന്നേറുന്ന നമ്മുടെ സ്കൂൾ വിജയത്തിന്റെ പുതിയ അശ്വമേധം നടത്തുമ്പോൾ ഈ യാഗാശ്വത്തിന്റെ  ഗുണങ്ങളും  മികവുകളും അറിയിക്കേണ്ടതും ഈ സ്കൂളിന് വിവിധ മേഖലകളിൽ നിന്ന് ചാർത്തി കിട്ടിയ ബഹുമതികൾ വിളംബരം ചെയ്യേണ്ടതും ഉചിതമായിരിക്കും




**പുതിയതായി വന്നുചേരുന്ന കുട്ടികളുടെ എണ്ണം**




എസ്.എസ്.എൽ.സി. ഫുൾ A+
കുട്ടികളുടെ എണ്ണം

# അംഗീകാരങ്ങൾ ബഹുമതികൾ 2019 - 20

## നമ്മുടെ സ്കൂളിന് 2019-ലെ മികച്ച PTA ക്കുള്ള അവാർഡിൽ ജില്ലാതത്തിൽ ഒന്നാം സ്ഥാനവും, സംസ്ഥാനതലത്തിൽ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി



മികച്ച പി.ടി.എ.യ്ക്കുള്ള പുരസ്കാരം തോന്നയ്ക്കൽ എച്ച്.എസ്.എസിന്

പോത്തൻകോട്► സംസ്ഥാന സർക്കാരിൻെറ മികച്ച പി.ടി.എ.യ്ക്കുള്ള ഒരു ലക്ഷം രൂപയുടെ പുരസ്കാരവും ജില്ലയിലെ ഏറ്റവും നല്ല പി.ടി.എ.യ്ക്കുള്ള പുരസ്കാരവും തോന്നയ്ക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രതിനിധികൾ അധ്യാപകദിനത്തിൽ ഏറ്റുവാങ്ങി. സംസ്ഥാന സർക്കാരിൻെറ അവാർഡ് മന്ത്രി സി.രവീന്ദ്രനാഥും ജില്ലാ അവാർഡ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.കെ. മധുവുമാണ് കൈമാറിയത്.

സ്കൂൾ പ്രിൻസിപ്പൽ എച്ച്. ജയശ്രീ, പ്രഥമാധ്യാപിക എ.റസിയാബീവി, പി.ടി.എ. പ്രസിഡൻറ് ജി.സജയകുമാർ, രാജശേഖരൻനായർ, സന്തോഷ് തോന്നയ്ക്കൽ, ഷഫീക്ക്, ബൈജു, മുഹമ്മദ്, ദിവ്യ, രേഖ പദ്മഗോപാൽ, സതീശൻനായർ, ഷീന തുടങ്ങിയവർ പങ്കെടുത്തു.

മികച്ച പി.ടി.എ.യ്ക്കുള്ള സംസ്ഥാന പുരസ്കാരം മന്ത്രി സി.രവീന്ദ്രനാഥിൽ നിന്ന് തോന്നയ്ക്കൽ സ്കൂൾ പി.ടി.എ. അംഗങ്ങൾ ഏറ്റുവാങ്ങുന്നു





GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

AWARD FOR THE BEST PTA

Awarded to Govt HSS THONNAKKAL ........ Winner of First / ~~Second~~ Place in SECONDARY LEVEL ........ ~~Sub-District~~ / District / ~~Revenue~~ District for the best PTA for the year 2018-2019.

Place : THIRUVANANTHAPURAM
Date : 05.09.2019

General Convenor

## പി.എം. ഫൗണ്ടേഷന്റെ ഹരിത വിദ്യാലയ പുരസ്കാരം മൂന്നാം സ്ഥാനം (ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും )



ഹരിതവിദ്യാലയ പുരസ്കാരം സമ്മാനിച്ചു

പി.എം.ഫൗണ്ടേഷൻെറ ഹരിതവിദ്യാലയ പുരസ്കാരം സ്പീക്കർ ശ്രീരാമകൃഷ്ണനിൽനിന്ന് തോന്നയ്ക്കൽ സ്കൂൾ ഏറ്റുവാങ്ങുന്നു

പോത്തൻകോട്► പി.എം.ഫൗണ്ടേഷൻെറ ഒരു ലക്ഷം രൂപയ്ക്കുള്ള ഹരിതവിദ്യാലയ പുരസ്കാരം സ്പീക്കർ ശ്രീരാമകൃഷ്ണനിൽ നിന്നും തോന്നയ്ക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രതിനിധികൾ ഏറ്റുവാങ്ങി.

ഹരിതസമൃദ്ധി, മണ്ണും ജലവും വായുവും സംരക്ഷിക്കാനുള്ള മാർഗങ്ങൾ, കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലുമുള്ള പങ്കാളിത്തം എന്നിവ പരിഗണിച്ചായിരുന്നു അവാർഡ്.

ഏറ്റവും മികച്ച പി.ടി.എ. കമ്മിറ്റിക്കുള്ള സംസ്ഥാന സർക്കാരിൻെറ അവാർഡും സ്കൂളിന് കഴിഞ്ഞവർഷം ലഭിച്ചിരുന്നു. സ്കൂൾ പ്രിൻസിപ്പൽ എച്ച്.ജയശ്രീ, പി.ടി.എ. പ്രസിഡൻറ് ജി.സജയകുമാർ, രേഖ പത്മഗോപാൽ, ദിവ്യ ഡി, ഷീന എന്നിവർ സ്കൂളിനുവേണ്ടി അവാർഡ് ഏറ്റുവാങ്ങി.

## സംസ്ഥാന സർക്കാരിന്റെ പച്ചക്കറി വികസന പദ്ധതിയിൽ മികച്ച പൊതു സ്ഥാപനത്തിനുള്ള രണ്ടാം സ്ഥാനം



കഴിഞ്ഞ വർഷത്തെ മാതൃഭൂമി സീഡ് പുരസ്കാരം ജനുവരി 13 ന് സ്കൂൾ കരസ്ഥമാക്കി



# മികവുകൾ

- മാസ്റ്റർ പ്ലാൻ അധിഷ്ഠിത വെക്കേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നിറവ് - 2019 എന്നപേരിൽ ഏപ്രിൽ മാസം മൂന്നു ദിവസങ്ങളിലായി വിവിധ മേഖലകളെ കൂട്ടിയിണക്കി കൊണ്ടുള്ള 5-8 വരെ ക്ലാസിലെ കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് .

- അക്കാദമികേതര മികവുകൾ പൊതു സമൂഹത്തിലേക്കെത്തിക്കുക എന്ന ഉദ്ദേശത്തോടെ വേങ്ങോട്, ചെമ്പകമംഗലം, മഞ്ഞമല, മങ്കാട്ടുമൂല, കോരാണി എന്നീ ജംഗ്ഷനുകളിൽ നടന്ന വിജയ വിളംബര കലാജാഥ.

- കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ എല്ലാ കുട്ടികളും വിജയിക്കുകയും 60 കുട്ടികൾക്ക് എല്ലാ വിഷയത്തിനും A+ലഭിക്കുകയും ചെയ്തു.

- പ്രവേശനോത്സവം PTA സപ്പോർട്ടോടുകൂടി വളരെ ഭംഗിയായി സംഘടിപ്പിച്ചു. മികവാർന്ന അവതരങ്ങൾ കൊണ്ട് ശ്രദ്ധേയമായിരുന്നു. 'എന്റെ വിദ്യാലയം എന്റെ കൈയൊപ്പ്' എന്ന വേറിട്ട പ്രവർത്തനം നടന്നു.

- വായന ദിനത്തിന്റെ ഭാഗമായി 2019 വായന വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ മാസവും ഓരോ വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ജൂൺ-മലയാളം (എന്റെ സ്ക്കൂളിന് എന്റെ പുസ്തകം - ക്ലാസ് ലൈബ്രറി വിപുലീകരണം)

ജൂലൈ-സയൻസ്

## ആഗസ്റ്റ്- സാമൂഹ്യശാസ്ത്രം

## സെപ്റ്റംബർ- ഹിന്ദി

#. വായന ദിനത്തോടനുബന്ധിച്ച് ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ വായനമത്സരം സംഘടിപ്പിച്ചിരുന്നു.

#. സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളിൽ ആനുകാലിക വിജ്ഞാനം ലഭ്യമാക്കുന്നതിനായി പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ എല്ലാ ആഴ്ചകളിലും ആനുകാലിക വാർത്തകൾ പ്രദർശിപ്പിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മാസാവസാനം ക്വിസ് മത്സരവും നടത്തുന്നു.

- ഓണാഘോഷ പരിപാടിയോടൊപ്പം പ്രളയ ബാധിതർക്ക് ഒരു കൈത്താങ്ങായി ഓണപ്പീടിക സംഘടിപ്പിച്ചു. ഇതിലൂടെ ലഭിച്ച മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

- ഓണാവധിക്കാലത്ത് മൂന്നു ദിവസത്തെ എസ്.പി.സി ക്യാമ്പ് സംഘടിപ്പിച്ചിരുന്നു.

- മാത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മൂന്നു ദിവസത്തെ പഠനവിനോദ യാത്ര സംഘടിപ്പിച്ചിരുന്നു.

- സീഡ് പ്രവർത്തനത്തിന്റെ ഭാഗമായി .പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ വിതരണവും ബോധവത്കരണക്ലാസ്സും സംഘടിപ്പിച്ചു.

#. എന്റെ മരം പദ്ധതി.

#. ഡോക്ടേഴ്സ് ദിനത്തിന്റെ ഭാഗമായി വേങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരെ ആദരിച്ചു. ഇതോടൊപ്പം കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ, വ്യക്തിശുചിത്വം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

#.. പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നിർദ്ദേശത്തിനായി പ്രാദേശിക പരിസ്ഥിതി സഭ ചേർന്നു. ഇതിനെ തുടർന്ന് മുറിഞ്ഞപാലം തോടിനെ ആസ്പദമാക്കി ഒരു ഫീൽഡ് സന്ദർശനവും നടത്തി.

#..ഓണത്തിന് ഒരു മുറം പച്ചക്കറിക്കായി കൃഷിഭവന്റെ സഹായത്തോടെ വിത്തുവിതരണം നടത്തി.

പ്രളയബാധിതർക്ക് ഒരു കൈത്താങ്ങായി പ്രളയ ബാധിത പ്രദേശങ്ങളിലേക്ക് ആവശ്യമായ സാധനങ്ങൾ സമാഹരിച്ച് തിരുവനന്തപുരം മേയർക്ക് കൈമാറി.

#..പാഠം ഒന്ന് പാടത്തേക്ക് കേരള സർക്കാർ വിഭാവനം ചെയ്ത പുതിയ പദ്ധതിയുടെ ഭാഗമായി മംഗലപുരം കൃഷിഭവൻ, പുന്നൈക്കുന്നം പാടശേഖരസമിതി, തോന്നയ്ക്കൽ ഗവ.ഹയർ സെക്കന്ററി സ്ക്കൂൾ എന്നിവർ ചേർന്നുള്ള സംയുക്ത സംരഭത്തോടനുബന്ധിച്ച് പുന്നൈക്കുന്നം പാഠശേഖരത്ത് നിലമൊരുക്കി നെൽകൃഷി ആരംഭിച്ചു.

#.. ജൈവവൈവിധ്യ ഉദ്യാനത്തിലെ എല്ലാ സസ്യങ്ങൾക്കും ശാസ്ത്ര നാമം ഉൾപ്പെടുന്ന ബോർഡ് സ്ഥാപിച്ചു.

#.. ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി ഓസോൺ പാര്ലമെന്റ് സംഘടിപ്പിച്ചു.

- ജെ.ആർ.സിയുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ റാലി നടത്തി.

#.. അധ്യാപകദിനത്തിൽ അധ്യാപകരെ ആദരിച്ചു.

- ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ചാന്ദ്രദിനത്തോടനുബന്ധിച്ച് സ്പെഷ്യൽ അസംബ്ളി സംഘടിപ്പിക്കുകയും ജി.എസ്.എൽ.വി MK-III മോഡൽ നിർമിക്കുകയും ഇന്ത്യയുടെ ചാന്ദ്രദൗത്യങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രസന്റേഷനും നടന്നു.

- നല്ലപാഠം പദ്ധതിയുടെ ഭാഗമായി..സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും സ്കൂൾ ബസ് ഡ്രൈവറുമായ രഞ്ജിത്തിന് അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്വരൂപിച്ച 5000 രൂപ സാമ്പത്തിക സഹായം നൽകി.

#.. സോപ്,ലോഷൻ നിർമ്മാണം നടന്നു വരുന്നു. കുട്ടികൾക്ക് നിർമ്മാണ പരിശീലനം നൽകി. സോപ്,ലോഷൻ എന്നിവ വിറ്റുകിട്ടുന്ന പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

#.. സ്കൂളിലെ ഒരു അധ്യാപികയും അമ്മയുടെ സ്മരണാർത്ഥം 100 നോട്ടുബുക്കുകളും പേനകളും വാങ്ങിനൽകുകയും അത് ഓരോ ക്ലാസിലെയും അർഹരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുകയും ചെയ്തു.

#.. 8D യിലെ ഗൗരി.എസ്.അനിൽ തന്റെ ക്ലാസിലെ ആദിത്യൻ എന്ന കുട്ടിക്ക് രണ്ട് കസേരകൾ വാങ്ങി നൽകി.

#.. 8B യിലെ കുട്ടികൾ ചേർന്ന് ആ ക്ലാസിലെ സാന്ദ്ര എന്ന കുട്ടിക്ക് ഒരു കസേര വാങ്ങി നൽകി.
പ്രളയത്തിനു ശേഷം ചങ്ങാതിക്ക് ഒരു സ്നേഹ പുസ്തകം എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളിലെ കുട്ടികൾ കൊണ്ടുവന്ന പഠനോപകരണങ്ങൾ ശേഖരിച്ച് മലയാള മനോരമ യൂണിറ്റ് ഓഫീസിൽ എത്തിച്ചു.

#.. സെപ്റ്റംബർ 20 മുതൽ 27 വരെ ലോകമെമ്പാടും കാലാവസ്ഥ സമരം നടക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ കാർബൺ ന്യൂട്രൽ നയം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട മുഖ്യമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകുന്നതിനുള്ള കൈയൊപ്പ് ശേഖരണം നടന്നു വരുന്നു.

#.. സ്കൂളിലെ തയ്യൽ മെഷീനുപയോഗിച്ച് തുണിസഞ്ചി നിർമ്മാണം ആരംഭിച്ചു.

#.. പ്ലാസ്റ്റിക് പേനകൾക്ക് പകരം പേപ്പർ പേനയും സീഡ് പേനയും ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

#. അധ്യാപകരിൽ നിന്നും കിട്ടിയ സംഭാവനകൾ ഉപോയഗിച്ച് സ്കൂളിലെ 15 കുട്ടികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു.18 ഇനം വിഭവങ്ങളടങ്ങിയ കിറ്റാണ് വിതരണം ചെയ്തത്.

- സ്വതന്ത്ര സോഫ്റ്റ് വെയർ ദിനാചരണത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ ഇൻസ്റ്റലേഷൻ നടന്നു.

- **ഓണത്തോടനുബന്ധിച്ച് കുട്ടികൾ അവരവരുടെ ക്ലാസുകളിൽ അത്തപ്പൂക്കളം ഒരുക്കുകയും ഓണക്കളികളും ഡിജിറ്റൽ പൂക്കള മത്സരവും സംഘടിപ്പിച്ചിരുന്നു.**

- സബ്-ജൂനിയർ ഡിസ്ട്രിക്ട് അണ്ടർ 14- ഹാൻഡ് ബോൾ ചാമ്പ്യൻഷിപ്പ് - പെൺകുട്ടികൾ -ഒന്നാംസ്ഥാനവും ആൺകുട്ടികൾ - മൂന്നാംസ്ഥാനവും കരസ്ഥമാക്കി

#.. തിരുവനന്തപുരം ഡിസ്ട്രിക്ട് ഇന്റർ സ്ക്കൂൾ ഹാൻഡ് ബാൾ ടൂർ ണമെന്റ് അണ്ടർ 19 - ആൺകുട്ടികൾ - മൂന്നാംസ്ഥാനവും പെൺകുട്ടികൾ -രണ്ടാം സ്ഥാനനും കരസ്ഥമാക്കി

- മാസ്റ്റർ പ്ലാനിൽ അധിഷ്ഠിതമായി സ്കൂൾ കുട്ടികൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്

പീഡിയാട്രിക്സ്(ശിശുരോഗം),

ഡയബറ്റോളജി(പ്രമേഹം),

ഓഫ്ത്താൽമോളജി(നേത്രരോഗം),

ദന്തരോഗവിഭാഗം,

General Medicine, Cardiology, Urology, Dermatology,ENT,

വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് 28/09/2019 – ന് നടത്താനൊരുങ്ങുന്നു.

#.. ഇതിനോടൊപ്പം ആർ.സി.സിയുടെ നേതൃത്വത്തിൽ ക്യാൻസർ ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചിരിക്കുന്നു.

- ദീർഘകാല മാസ്റ്റർ പ്ലാൻ ആധിഷ്ഠിത പ്രവർത്തനങ്ങളായ

#.. ഞാനും എന്റെ കുട്ടിയും(ഭവനസന്ദർശനവും വിവരശേഖരണവും)

#..5 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്ക് സിവിൽസർവ്വീസ് പരിശീലനം

#.. ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്

#.. സ്ക്കൂൾ റേഡിയോ

#.. അമ്മമാർക്കുള്ള ഇ-സാക്ഷരത പരിശീലനം തുടങ്ങിയവ നടന്നു വരുന്നു

- എക്കോക്ലബ്ബ് പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് പ്രതിനിധികൾ.

ശ്രീ. സ്വരൂപൺ ദാസ്, കേരള ശാസ്ത്ര ഭവൻ പ്രതിനിധി ശ്രീ അജിത്ത് കുമാർ എന്നിവർ എക്കോ ക്ലബ്ബ് പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സ്കൂളിലെത്തി.

- കുട്ടികളുടെ ജൈവവൈവൈവിധ്യ കോൺഗ്രസ്

പ്രോജക്ടിൽ രണ്ടാം സ്ഥാനം അവതരണത്തിന് (ജൂനിയർ വിഭാഗത്തിൽ) ഈ സ്ക്കൂളിലെ നിരഞ്ജൻ, നിയ എന്നീ കുട്ടികൾ യോഗ്യത നേടി.

- **മലയാള മനോരമ നല്ല പാഠത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. പൂവണത്തും മൂട് പൊന്നൂസ് വൃദ്ധസദനം സന്ദർശിച്ച് പ്രഭാത ഭക്ഷണം വിതരണം നടത്തിയത് ശ്രദ്ധേയമായ കാര്യമായിരുന്നു.കുട്ടികളുടെ ലോഷൻ, സോപ്പ് നിർമാണം, വിജയകരമായി നടന്നു വരുന്നു.**

- കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സിന്റെ ശാസ്ത്രവും പരീക്ഷണവും എന്ന പരിപാടിയിൽ നമ്മുടെ സ്ക്കൂളിനെ പ്രതിനിധീകരിച്ച് പത്താം ക്ലാസിലെ രേണുക, നന്ദന, ശ്രീലക്ഷ്മി, ദിന ഗോപൻ എന്നിവർ പങ്കെടുത്തു.

- അന്താരാഷ്ട്ര നിലവാരമുള്ള പഠനോപകരണങ്ങൾ 27 ഹൈടെക് ക്ലാസ് മുറികൾ ഇതിൽ മുഴുവൻ ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യം, എല്ലാ ക്ലാസ് മുറികളിലും ക്ലാസ് ലൈബ്രറി, ശാസ്ത്ര ലാബ്, ഐടി ലാബ്, സമഗ്ര പോർട്ടൽ, റഫറൻസ് ലൈബ്രറി ഗണിത ലാബ്,തുടങ്ങി അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനോപകരണങ്ങൾ നംഉപയോഗിച്ച് വരുന്നു.

- അധ്യാപക പരിശീലനം, ശാക്തീകരണ പ്രവർത്തനം, ശക്തമായ മോണിറ്ററിംഗ് എന്നിവയിലൂടെ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി. ഒപ്പം 200, സാധ്യായ ദിവസങ്ങളും.
വിവിധ തരം സ്കോളർഷിപ്പുകൾ അർഹതയുള്ള മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നു.

## നഷ്ടപ്പെട്ട സൗഹൃദം

ജീവിതത്തിലെ ആദ്യത്തെയും അവസാനത്തെയും ഒരു പ്രണയമായിരുന്നു സൗഹൃദമെന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷേ എനിക്ക് തെറ്റ് പറ്റിപ്പോയി . അതെല്ലാം എന്റെ വെറും തോന്നലുകൾ മാത്രമായിരുന്നു.സൗഹൃദം ഒരു മരത്തെപ്പോലെയായിരുന്നു. പയ്യെ പയ്യെ അതിലെ ഓരോ ഇലകൾ കൊഴിയുകയും മരം വേരോടെ പിഴുത് വീഴുകയും ചെയ്തു. ആ മരത്തിന്റെ തണലിലെ ഓരോ ഓർമ്മകളും എനിക്ക് മറക്കാൻ പറ്റാത്തതായിരുന്നു. അതിൽ തളിർത്ത ഓരോ ഇലകളും ഒരുമിച്ചുള്ള അത്യന്തം വിലമതിക്കാത്ത ഓർമ്മകളാണ് ഇവിടെ പങ്കുവെയ്ക്കുന്നത്.

ഞങ്ങൾ കൂട്ടുകാർക്കിടയിൽ എന്നും നിലനിൽക്കുന്ന ഒരു ഓർമ്മയായിരുന്നു മാളവിക. അവളുമൊത്തുള്ള നിമിഷങ്ങളും മറക്കാനാവാത്ത ഓർമ്മകൾ നമുക്ക് സമ്മാനിച്ചു. എത്ര സങ്കടങ്ങൾ ഉള്ളിലുണ്ടെങ്കിലും അതൊന്നും പുറമെ കാട്ടാതെ സ്വയം ചിരിച്ചും മറ്റുള്ളവരെ ചിരിപ്പിച്ചും തന്റെ സങ്കടങ്ങൾ അവൾ മനസ്സിൽ മറച്ചുവെച്ചിരുന്നു. നമ്മളെ വിട്ടു പിരിയില്ല എന്നു പറഞ്ഞിട്ടും എന്നന്നേക്കുമായി നമ്മളിൽ നിന്നും അകന്ന് പോയി അവൾ. അന്ന് ഞങ്ങളോട് കളിച്ചും ചിരിച്ചും നിന്നിട്ട് കോളേജ് വിട്ടപ്പോൾ "എടീ ഞാൻ പോട്ടേ?" എന്ന് ചോദിച്ചപ്പോൾ അത് എന്നന്നേക്കുമുള്ള പോക്കായിരുന്നുവെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. എങ്കിൽ ഞങ്ങൾ അവളെ ആർക്കും വിട്ടുകൊടുക്കില്ലായിരുന്നു. അവൾ ഞങ്ങളെവിട്ട് പിരിഞ്ഞപ്പോഴാണ് സൗഹൃദമെന്തെന്ന് ഞങ്ങൾ മനസ്സിലാക്കുന്നത്. സഹോദരങ്ങളാകാൻ ഒരമ്മയുടെ വയറ്റിൽ ജനിക്കണമെന്നില്ല എന്നൊരു ജീവിത പാഠം പഠിച്ചത് അവളുടെ വേർപിരിയലിൽ നിന്നാണ്. ആ നഷ്ടപ്പെട്ട സൗഹൃദത്തിന്റെ ഓർമ്മകൾ ഇന്നും ഞങ്ങളുടെ മനസ്സിൽ അലയടിക്കുന്നു.

**മൗഷ്മി& അഭിരാമി.**

# കഷ്ടമെൻ ഭാവി

അന്നം വിളയാത്ത ശ്മശാന കണ്ടങ്ങൾ
കാരി മീൻ പെറ്റിട്ടതല്ലയീ സൗധങ്ങൾ
കർക്കടകമൊഴിഞ്ഞിട്ട് നാൽക്കാലി ളുണകൾ
പേറുന്ന കമ്പികൾ ആശകൾ തീർക്കുമെൻ
വെട്ടവും നേട്ടവും കഷ്ടമെൻ ഭാവിയും
തീക്ഷ്ണമാം കനലായെരിയുന്ന സൂര്യാ നിൻ
ഭ്രമിയും ഭാവിയുംചുടല പറമ്പോ
കായൽ പരപ്പിലെ ഓല തിരയുള്ളിൽ
പ്രാണൻ തിരയുന്ന വിസാര കൂട്ടങ്ങൾ
അവശിഷ്ട ബോധത്തിലിഴയുന്ന
ഞാഞ്ഞൂലിൻ വിസർജ്യകുനയോ ക്രൂര ദന്തങ്ങളോ

**അക്ഷര.എസ്.കുമാർ**

# തോരാ മഴ

മഴ പെയ്യുകയാണ് ആർത്താർത്ത് പെയ്യുകയാണ്. എന്തിനാണ് ഞാൻ ഈ ജീവച്ഛവത്തെപ്പോലെ? വീട്ടുകാർക്കും നാട്ടുകാർക്കും ഒരു ഭാരമായി? ചിന്തകളെ മുഴമിപ്പിക്കാനാകാതെ രാജി അകത്ത് നിന്ന് നല്ല ആവി പറക്കുന്ന കട്ടനമായി എത്തി. നമ്മുടെ ബ്രൂണോയെ കൊടുക്കണ്ടായിരുന്നല്ലേ? ഇനി പറഞ്ഞിട്ടെന്തിനാ? അയാൾ വീണ്ടും ചിന്തയിലാണ്ടു. നാളെ സ്കൂളിൽ നിന്ന് വരുന്ന തന്റെ മകൻ സന്തോഷത്തോടെ ഓടിവന്ന് കവിളിൽ ചെടികളെ ഈറനണിയിച്ച മഴത്തുള്ളികൾ തലോടുന്നതോർത്തപ്പോൾ അറിയാതൊരു രസം. അയാളെ വീണ്ടും ചിന്തയിൽ നിന്നുണർത്തി അവൾ ചോദിച്ചു 'എന്താ ഇത്ര ആലോചന?' 'ഏയ്. എക്ക്, എക്ക് നല്ല സുഖോണ്ടിപ്പോ ഇനി നീയ്യ് ജോലിക്കു പൊയ്ക്കോ' 'ഉം. അപ്പോൾ അതാണ് കാര്യം ചേട്ടൻ ഒന്ന് മിണ്ടാണ്ടിരിക്ക്' അവൻ ഓർത്തു മഴയെപ്പോഴും തനിക്ക് ഒരു കൂട്ടുകാരനായിരുന്നു. അഞ്ചാം വയസിൽ അമ്മയുടെ മടിയിൽ കിടന്ന് അച്ഛൻ എന്നന്നേക്കുമായി അച്ഛൻ കണ്ണുകളടച്ചപ്പോൾ അന്ന് മഴ കരയുകയായിരുന്നു. പിന്നീട് പെങ്ങളുടെ കല്ല്യാണത്തിന് പന്തൽ നനയിച്ച് കനത്ത മഴയെ ഇന്നും ഞാനോർത്തു. ഇന്ന് തന്റെ ജീവിത സഖിയായി മാറിയ രാജിയെ ആദ്യമായി കണ്ടതും ഇഷ്ടപ്പെട്ടതും ഒരു മഴക്കാലത്താണ്. അന്ന് കല്ല്യാണത്തിന് കുടകൾ നിറഞ്ഞ കുട്ട ഞാനിന്നും ഓർക്കുന്നു. എല്ലാത്തിനും ശേഷം അമ്മയെന്ന നിറകുടത്തിലെ തിരിനാളം എന്നന്നേയ്ക്കുമായി അണഞ്ഞപ്പോഴും ആശ്വാസമായി മഴ കൂടെ തന്നെയുണ്ടായിരുന്നു. ഒടുവിൽ തനിക്ക് ഒരു ഓമന പിറന്നപ്പോൾ വണ്ടി കിട്ടാൻ ഞാൻ പാഞ്ഞ സമയത്ത് എന്നെ അപ്പാടെ നനയിച്ചതും മഴതന്നെയായിരുന്നു. ഒടുവിൽ ഞാൻ എന്റെ തൊഴിൽ ഭംഗിയായി തീർക്കുന്ന, എന്റെ ടിപ്പർ ഒരു കൊക്കയിലേക്ക് നിയന്ത്രണം വിട്ട് ഇടിച്ചപ്പോൾ സാക്ഷിയായി അപ്പോഴും മഴ. ശരിക്കും തന്നെ ഇപ്പോൾ നിലനിർത്തുന്നതും മഴ തന്നെയല്ലേ?. വരാന്തയിലെ ചാരുകസേരയിൽ ഒതുങ്ങേണ്ട പ്രായമായി എന്ന തിരിച്ചറിവിന് ഞാൻ കീഴടങ്ങിയപ്പോൾ എന്റെ രണ്ടുകാലും അവർ എന്നിൽ നിന്നുമവർ അടർത്തിയെടുത്തപ്പോഴും എനിക്ക് തുണയായി മഴയുണ്ടായിരുന്നു. ആ രാഘവേട്ടാ......... 'ആരാത്' അയാൾ ഒരു സംശയത്തോടെ തിരിഞ്ഞു. സമിതിക്കാരനാണ്. 'നാളെ നമ്മുടെ നാടകമുണ്ട്ട്ടോ, അങ്ങോട്ട് ഇറങ്ങണം.' 'പിന്നില്ലെ ' അയാൾ ഒരു നനുത്ത പുഞ്ചിരിയോടെ പറഞ്ഞു. 'ആട്ടെ

എന്താ പേര്?' 'മഴ പെയ്യുന്നു നിർത്താതെ' 'ശരീട്ടോ ഇറങ്ങുവാ' ശരിയല്ലെ തന്റെ ജീവിതത്തിന്റെ തലക്കെട്ടുമായി സാമ്യമുള്ള പേര്....... മഴപെയ്യട്ടെ നിർത്താതെ എന്നപോലെ നിരവധി പേർക്ക് ആശ്വാസമാകട്ടെ മഴപെയ്യട്ടെ നിർത്താതെ...

**നിയ.എസ്.ആർ**

# <u>അമ്മ</u>

എനിക്കുമുണ്ടൊരു ബാല്യം
ഒരിക്കലും തിരികേ വരാത്തൊര ബാല്യം...
പിച്ചവച്ച് നടന്നൊരു ബാല്യം
കുട്ടിക്കുറുമ്പ് കാട്ടി നടന്നൊരു കുട്ടിക്കാലം.

അമ്മയോടല്ലാതെ മറ്റാരോടും പോകാതെ
-അമ്മയുടെ സാരിക്കു തുമ്പിൽ പിടിച്ചു നടന്നോരാ
ക്കാലത്ത്, ഇനി ഇല്ലാ ആ കാലം അമ്മയോടൊത്ത്
.കൊഞ്ചി കുഴയാനും ഒന്നു ചിണുങ്ങാനും

എന്റെ കൂട്ടുകാർക്കൊപ്പം കണ്ണു പൊത്തി-
ക്കളിക്കാൻ പിണങ്ങാനും
നെല്ലിക്ക തിന്നാനും
ഇനി ഇല്ലാ ആ കാലം........

വിദ്യാലയ മുറ്റത്ത് ഒന്നുകൂടെ പോകാനും
അവിടുത്തെ ബഞ്ചിൽ ഒന്നിരിക്കുവാനും
പ്രായമേറെയായ്, ഇനി എനിക്ക് രണ്ടാം
.ബാല്യം, തിരിച്ചറിവെല്ലാം മറന്നേക്കാം ആ കാലം

മക്കളോട് ചിണുങ്ങാനും വാശിപിടിക്കാനും
ഇനി ആ കാലം, പക്ഷേ എന്റെ അമ്മ
എന്നെ സ്നേഹിച്ചതു പോലെ എന്നെ
ഇനിയാരു സ്നേഹിക്കും.

ഇനി എന്റെ വരവു കാത്തിരിക്കുന്ന ബാല്യം
.എന്നെ വെറുക്കുന്ന ആ ബാല്യം
എന്നെ രക്ഷിക്കാൻ എന്റെ മരണം
.എനിക്കു വേണമൊരു ബാല്യം

കുട്ടിക്കുറുമ്പുകൾ കാട്ടുന്ന എന്റെ ബാല്യം.
കള്ളവും ചതിയും തിരിച്ചറിയാത്ത
വാത്സല്യം നിറഞ്ഞ ആ ബാല്യം,
കിട്ടില്ലെങ്കിലും എനിക്കു വേണം എന്റെ ബാല്യം.

വന്ദന രാജ്
8B.

# മഴ

ഇപ്പെഴും മഴയെന്റെ
കുഞ്ഞു ബാല്യത്തെ
മഴവില്ല് പോലെ വരച്ചു കാട്ട്പ്പൂ.....

മഴവന്നു വെയിൽ വെന്നു
പിന്നെയും മഴവില്ലും
എൻ ബാല്യം മാത്രം
തിരികെ എത്തിയില്ല.

ബാല്യത്തിൽ ഞാൻ കണ്ട
സ്നേഹവും ലാളനയും
ചെറു  പുഞ്ചിരിയോട്ടുള്ള ക്രോധവും
അതു പ്രകടമാക്കും മാന്ത്രികവടിയും
എൻ ജീവിതത്തിൽ തിരികെയെത്തുമോ?

കാലമാം ലോകം എൻ കരങ്ങളെ
അതി വേഗം ചുറ്റിച്ചു മാറ്റിടുന്നു
പാടത്തും, പുഴയിലും, കുഞ്ഞു
കൈത്തോടിലും കളിച്ചതും
ചിരിച്ചതും മാഞ്ഞുപോയി

ജീവിതാന്ത്യത്തിൽ എത്തിനിൽക്കും
ഞാൻ ഓർക്കുന്നു അതാണ് കാലം,
അതാണ് മധുരം
അതാണ് സുന്ദരം

എന്റെ ബാല്യം.....
എന്റെ ബാല്യം........

# ബാല്യത്തിന്റെ മധുരം

ഓർത്തെടുക്കുന്നു ഞാൻ
എന്റെ ബാല്യത്തിന്റെ
താളിയോലച്ചുരുളുകൾ

എന്റെ നാടിന്നു
വിദൂരതയിലുള്ള ഏതോ
കെട്ടിട സമുച്ചയത്തിൽ നിന്ന്
ഓർത്തെടുക്കുന്നു ഞാനെന്റെ ബാല്യം
അമ്മയോടൊത്ത് ക്ഷേത്രത്തിൽ പോയതും
അച്ഛനോടൊത്താന കളിച്ചതും
മുത്തശ്ശിയുടെ ബാല്യം തുളുമ്പുന്ന
കഥാശകലങ്ങളും
മുത്തശ്ശന്റെ കൈയിലെ
.......ചന്ദന ഗന്ധവും
.....അകലെയാണെങ്കിലും

എന്റെ ഹൃത്തിൽ ഇപ്പോഴുമുണ്ട്
കുട്ടിത്വത്തിന്റെ കുസൃതിയും ഒപ്പം
യൗവനത്തിന്റെ വൈദ്യുത വീചിയും
സരസ്വതി വിദ്യാലയത്തിൽ
അക്ഷരദീപത്തിന്റെ തേൻകനി നുകരാൻ
ഞാനുമെത്തിയൊരു പൂമ്പാറ്റയായി
നറുമണം ഒഴുകുന്ന കവിതകളിലൂടെ
ധീരതയുടെ വഴിത്താരയിലൂടെ
ഞാനും സഞ്ചരിച്ചു
ഒരിളം തെന്നലായി.

ബാല്യത്തെക്കുറിച്ചോർക്കുമ്പോൾ
ആദ്യം എന്നിൽ നിറയുന്നത്
എന്റെ നാടിന്റെ സൗരഭവും
ഒപ്പം  തന്നെ വിദ്യാലയ ജീവിതത്തിന്റെ
മാധുര്യമൂറുന്ന ഓർമ്മകളും
പുസ്തക സഞ്ചിയിലൊളിപ്പിച്ച
മിഠായിത്തുണ്ടുകളും കുറ്റിപ്പെൻസിലും
വാടിപ്പോയ റോസാപ്പൂവും, മുല്ലമൊട്ടും
പൊട്ടിപ്പോയ വളയോടും മാലമുത്തും
ഓർമ്മയുടെ രക്തത്തിളപ്പിൽ
.എന്നോടൊപ്പമുണ്ട്

അച്ഛന്റെ വേർപാടിൽ
ജീവിതത്തിനെ വെറുത്ത്
മരണത്തിന്റെ വഴിയിലൂടെ
ഭ്രാന്തമായി ഞാൻ സഞ്ചരിച്ചു
രാത്രികളിൽ വീടുവിട്ട് തെരുവിലൂടെ
അലറിയോടി........

സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ
ആവുന്നത്ര ശ്രമിച്ചിട്ടും
.കഴിയാതെ പോയി
അച്ഛന്റെ തണൽ കിട്ടാതെ
വാടിയൊരോമൽ പനിനീർപ്പൂവായി ഞാൻ
അതിരില്ലാതെയോടുന്ന തീവണ്ടിപോലെ
നിയന്ത്രണമില്ലാത്തെയെന്റെ മനസ്സിനെ
.ഞാൻ പിടിച്ചൊതുക്കി
എന്റെ എഴുത്തിലൂടെ
........എന്റെ മാത്രം ജീവരക്തത്തെ
...ബാല്യം സമ്മാനിച്ച നന്മയിലൂടെ

## വേദനകളുടെ അമ്മ

ആദ്യാക്ഷരമാണമ്മ,
ആദ്യം പറഞ്ഞതും അമ്മ
അറിവായ് നിനവായ്

നിറയുന്നൊരമ്മ,
നന്മനിലാവാണമ്മ
വാത്സല്യത്തിൻ  നിറകുടമമ്മ
വാക്കിൽ തേനിൻ മധുരമാമമ്മ
വെയിലത്തും മഴയത്തും
തുണയാകുമമ്മ
നെഞ്ചിൽ വേദന നിറയുമ്പോൾ
നെഞ്ചിൽ ചേർത്തു പിടിച്ചീടും
നീയൊരു പെണ്ണാണെൻ കുഞ്ഞേ
എൻ വേദന നീയെന്തറിയുന്നു
ഞാനുണരുമ്പോൾ അമ്മ അടുപ്പിൽ
തീയോടെന്തോ ചൊല്ലുന്നു
ഞാനറിയുന്നു ഉള്ളിൽ മറ്റൊരു
**തീയെരിയുന്നതുമറിയുന്നു.**

## അമ്മ

പ്രകൃതി  എന്നൊരു  'അമ്മ
ആ 'അമ്മ  നൽകും സ്നേഹം
ഭൂമി  എന്നൊരു അമ്മ
ആ അമ്മ നല്കും  വാത്സല്യം
അമ്മ എന്ന പദത്തിന്
നമ്മൾ കൊടുക്കുന്നു വന്ദനം
സ്നേഹമായി വിളങ്ങി  അമ്മ
അമൃത്  പോലെ മധുരമായ
സ്നേഹം നൽകും  അമ്മ
സ്നേഹമായി  കരുത്തായി
വിജയം നൽകും എൻ അമ്മ
പ്രപഞ്ച സത്യം എൻ 'അമ്മ
കുടുംബവിളക്കാണെന്റെ അമ്മ
പ്രകൃതി സുകൃതമാണമ്മ
എരിയുന്ന തീനാളമാണെന്നമ്മ
വാത്സല്യ മനസ്സിൻ ഉടമയാണെൻ അമ്മ
അമ്മ എന്ന സത്യം അതൊന്ന് മാത്രമേ
അമ്മ അമ്മ അമ്മ
പ്രകൃതി  എന്നൊരു  'അമ്മ
ആ 'അമ്മ  നൽകും സ്നേഹം
ഭൂമി  എന്നൊരു അമ്മ
ആ അമ്മ നല്കും  വാത്സല്യം.

# ചെകുത്താന്റെ പിടിയിൽ

"രാഹുൽ നീ എന്റെ കൂടെ വരുമോ " രാഹുലിന്റെ സഹപാഠിയായ രവി അവനേയും കൂട്ടി സ്കൂളിന്റെ പുറകിലെ ഇടിഞ്ഞ പൊളിഞ്ഞ കിടക്കുന്ന കെട്ടിടത്തിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ട് പോയി . അവിടെ ഒരു വൃദ്ധന്റെ അടുക്കലേക്ക് അവർ ചെന്നു . രവി അയാൾക്കു കുറച്ചു പണം നൽകി ഒരു പൊതി വാങ്ങി .രവി ആ പൊതി തുറന്ന് അതിനുള്ളിലെ ലഹരിവസ്തുക്കളിൽ നിന്ന് ഒന്നെടുത്തു രാഹുലിന് കൊടുത്തു. എന്നാൽ രാഹുൽ ഇതിനെ എതിർത്ത് സംസാരിച്ചു. വേണ്ട രവീ നമുക്കിതൊന്നും നല്ലതല്ല. എന്ന്. എന്നാൽ രവി അവനെ ഒരുപാടു നിർബന്ധിച്ചു. ഒടുവിൽ രാഹുൽ അത് വാങ്ങി കഴിച്ചു. ഉച്ചക്കത്തെ ബെല്ലടിച്ചതു കേട്ട് അവർ ഓടി ക്ളാസിൽ പോയി. ഉച്ചക് ശേഷമുള്ള പീരീഡ് തുടങ്ങാനായി.കണക്ക് ടീച്ചർ ഉമ ക്ളാസിൽ വന്നു പഠിപ്പിച്ചു തുടങ്ങി. എന്നാൽ രാഹുൽ അലസമായി ഇരിക്കുന്നത് കണ്ട് അവർ രാഹുലിനോട് ചോദിച്ചു. "എന്താ രാഹുൽ നീ ക്ളാസിൽ ശ്രദ്ധിക്കാത്തതു മുൻപ് ക്ളാസിൽ നന്നായി ശ്രദ്ധിച്ചിരുന്ന നീയല്ലേ. ഇന്നെന്തുപറ്റി?" "അത് ,രാഹുലിന് തലവേദനയാണ്."എന്ന് രവി പറഞ്ഞു . അതുകേട്ട് ടീച്ചർ അവനോടു കിടക്കാൻ പറഞ്ഞു.

ഒരുവട്ടം ലഹരി ഉപയോഗിച്ചാൽ പിന്നീട് അവരതിൽ അടിമയാകും. അതുപോലെ തന്നെ ഇവിടുത്തെ കഥാപാത്രത്തിനും സംഭവിച്ചു. പിന്നീടുള്ള ദിവസമെല്ലാം രാഹുൽ രവിയുമായി സ്കൂളിന് പുറകിലെ കെട്ടിടത്തിൽ ചെന്ന് ലഹരിവസ്തുക്കൾ ഉപയോഗിക്കാൻ തുടങ്ങി. അവർ രണ്ടുപേരും ലഹരിവസ്തുക്കൾക്ക് അടിമയായി. ക്ളാസ്സിലെ ഒന്നാമനായ രാഹുൽ പിന്നീട് പുറകിലായി. രാഹുലിന്റെ ഈ മാറ്റത്തിൽ അധ്യാപകർക്കെല്ലാം സംശയമായി. അങ്ങനെ അവർ രാഹുലിന്റെ പ്രിയ സുഹൃത്തായ സൂര്യയോടു കാര്യം അന്വേഷിച്ചു. രാഹുൽ ഇപ്പോൾ കൂടുതൽ മിണ്ടുന്നതു രവിയോടാണെന്നും അവനോടൊപ്പം എന്നും ഉച്ചക്കത്തെ ഇടവേളയിൽ എവിടെയോ പോവുമെന്നും അവൻ ടീച്ചർമാരോട് പറഞ്ഞു. രാഹുൽ അറിയാതെ അവൻ ഉച്ചക്ക് എവിടെയാണ് പോവുന്നതെന്ന് കണ്ടുപിടിക്കാനായി ടീച്ചർമാർ സൂര്യയോടു പറഞ്ഞു.

അന്ന് ഉച്ചക്ക് തന്നെ സൂര്യ രാഹുൽ എവിടെയാണ് പോകുന്നതെന്ന് കണ്ടുപിടിച്ച ടീച്ചർമാരെ വിവരമറിയിച്ചു. ഇതുകേട്ട് അവർക്കു വിഷമമായി. അവർ രാഹുലിനെയും രവിയേയും വിളിച്ച ഉപദേശിക്കാൻ തുടങ്ങി. ഇതൊന്നും നല്ലതല്ല എന്നും ഇത് നമ്മളെ ആപത്തിൽ കൊണ്ടെത്തിക്കും എന്നൊക്കെ . എന്നാൽ അവർ അതൊന്നും കാര്യമാക്കാതെ ലഹരി ഉപയോഗിച്ചു കൊണ്ടുതന്നെയിരുന്നു. ക്ളാസിൽ ഒന്നും ശ്രദ്ധിക്കാതെയും പഠിക്കാതെയും അവർ ഇതിൽ അടിമയായി നടന്നു. ഇവരെ നന്നാക്കാനായി ടീച്ചർമാർ ഇവരെ കൗൺസിലിങ്ങിന് കൊണ്ടുപോയി. എന്നിട്ടും അവർ നന്നായില്ല. അങ്ങനെ ഇരിക്കെ സ്കൂളിൽ നിന്നും ഒമ്പതാം ക്ളാസ്സിലെ എല്ലാ കുട്ടികളെയും കാൻസർ സെന്ററിലേക്ക് കൊണ്ടുപോയി. അവിടെ ലഹരിവസ്തുക്കൾ ഉപയോഗിച്ച് രോഗബാധിതരായി കിടക്കുന്നവരെ രാഹുലും രവിയും കണ്ടു. രോഗികളുടെ വേദനകൾ അവർ കണ്ടുമനസിലാക്കി. തങ്ങൾ ആപത്തിലേക്കാണ് പോകുന്നതെന്ന് അവർ മനസിലാക്കി. അവർ പിന്നീട് മനസിലൊരു ദൃഢനിശ്ചയം എടുത്തു. ഇനി നാം ലഹരിവസ്തുക്കൾ ഉപയോഗിക്കില്ല. എന്ന മഹത്തായ ദൃഢനിശ്ചയം. പിന്നീട് അവർ മാതാപിതാക്കളോടും അധ്യാപകരോടും തങ്ങളുടെ കുറ്റങ്ങൾ ഏറ്റുപറഞ്ഞു. മാതാപിതാക്കളും അധ്യാപകരും അവരെ സമാധാനിപ്പിച്ചു. ഇനി ഈ വസ്തുക്കൾ ഉപയോഗിക്കില്ല എന്ന് അവർ വാക്കുകൊടുത്തു. പിന്നീട് രാഹുലും രവിയും സൂര്യയും പ്രിയസുഹൃത്തുക്കളായി മാറുകയും ക്ളാസിൽ ഒന്നാമതെത്തുകയും ചെയ്തു.

**ഫർഹാന, ശ്രീനന്ദന 9F.**

# രാമായനാക്വിസ്

ആദ്യകാവ്യം എന്നറിയപ്പെടുന്ന കൃതിയേത്?

രാമായണം

ആദ്യകവി എന്നറിയപ്പെടുന്നത് ആര്?

വാല്മീകി

ദശരഥന്റെ രാജവംശം?

ഇഷ്വാകു രാജവംശം

ദശരഥന്റെ അച്ഛന്റെ പേര്?

അജൻ

ദശരഥന്റെ അമ്മയുടെ പേര്?

ഇന്ദുമതി

ദശരഥന്റെ മറ്റൊരു പേര്?

നേമി

ദശരഥന് നേമി എന്ന പേര് നൽകിയതാര് ?

ബ്രഹ്മാവ്

കൈകേയിയുടെ രാജ്യം?

കേകയം

ദശരഥന് എത്ര ഭാര്യമാർ ? ആരൊക്കെ ?

മൂന്ന കൗസല്യ ,കൈകേയി , സുമിത്ര .

കൈകേയിയുടെ പുത്രന്റെ പേര് ?

ഭരതൻ

സീതയുടെ അച്ഛന്റെ പേര് ?

ജനകൻ

സീതയുടെ മറ്റൊരു പേര് ?

ജാനകി

രാവണന്റെ ഭാര്യയുടെ പേര് ?

മൺഡോദരി

രാവണൻ സീതയെ ഏതു മരത്തിനു ചുവട്ടിലാണ് തടവിലാക്കിയത് ?

അശോകമരം

സീതയുടെയും രാമന്റെയും പുത്രന്മാർ ആരൊക്കെ ?

ലവൻ , കുശൻ

വന്ദന രാജ്. 8B

## നല്ലതിലേക്കുള്ള വഴി

ഒരിടത്തു നല്ല സൗഹൃദം പുലർത്തുന്ന കുട്ടികളുണ്ടായിരുന്നു. അവർ അനാഥാലയത്തിലുള്ള കുട്ടികളായിരുന്നു.ഒരാളുടെ പേര് അമ്മു എന്നും ഒരാളുടേത് അപ്പു എന്നുമായിരുന്നു . അങ്ങനെ അവർ റോഡിലൂടെ നടന്നു പോയപ്പോൾ ഒരു അന്ധയായ വൃദ്ധ റോഡ് മുറിച്ചു കടക്കാനായി കഷ്ടപ്പെടുന്നത് കണ്ടു. അപ്പോൾ തന്നെ അമ്മു ഓടിപോയി ആ വൃദ്ധയെ റോഡ് മുറിച്ചുകടക്കാൻ സഹായിച്ചു . ആ നല്ല മനസ്സ് കണ്ടു മക്കളില്ലാത്ത രണ്ടു ദമ്പതിമാർ അവളെ ദത്തെടുക്കാനായി എത്തി .തന്റെ ഉറ്റ സുഹൃത്തിനെ വിട്ടു പോകാൻ മനസ്സനുവദിച്ചിട്ടില്ലെങ്കിലും ആ ദമ്പതിമാരുടെ സങ്കടം കണ്ടപ്പോൾ മനസ്സലിഞ്ഞു അവരുടെ കൂടെ പോകേണ്ടിവന്നു . അമ്മു പോയേപ്പിന്നെ അപ്പു ചീത്തയാവാൻ തുടങ്ങി . രണ്ടുപേരും സ്കൂൾ പഠനം കഴിയുന്ന പ്രായമെത്തി . അമ്മു നന്നായി പടിക്കുന്നുണ്ടായിരുന്നു .എന്നാൽ അപ്പു പഠിക്കുന്നതുപോലുമില്ല . അങ്ങനെ ഒരിക്കൽ ഒരവധിദിവസം അപ്പുവിനെ കാണാനായി അമ്മു എത്തുന്നു . അപ്പോൾ അവൾ കാണുന്ന കാഴ്ച . അവൾക്കു സഹിക്കാൻ കഴിഞ്ഞില്ല . അവൻ ലഹരിക്കടിമയായി മാറിയിരിക്കുന്നു .അമ്മുവിനെ ഒന്ന് കണ്ടിട്ടുള്ള ഓർമ മാത്രമാണ് അപ്പോൾ അവനു ഉണ്ടായിരുന്നത് . പിന്നെ കുറച്ചധികം ദിവസം അവൾ അപ്പുവിന്റെ കൂടെ നടന്നു അവനെ തിരിച്ചു ലഹരിയിൽ നിന്ന്അപ്പു ആയി വരൻ തുടങ്ങിയപ്പോൾ തന്നെ അവനു അവന്റെ അമ്മുവിനെ തിരിച്ചു കിട്ടിയെന്ന തോന്നൽ ഉണ്ടാവുകയും പിന്നെ അത് തന്നെയാണ് തന്റെ അമ്മു എന്ന് മനസിലാക്കുകയും ചെയ്തു . അതിനു ശേഷം അപ്പു ആ ലഹരിയിൽ നിന്ന് തിരിച്ചുവന്നു .

അതിനിടയിൽ അപ്പു പറയുകയുണ്ടായി നീ പോയ വിഷമത്തിലാണ് ഞാൻ ലഹരിയിലേക്ക് പോകാൻ തുടങ്ങിയത് എന്ന് .അമ്മു തിരിച്ചു പറഞ്ഞു കൊടുത്തു "ഒരു വിഷമം വന്നാൽഇങ്ങിനെ ലഹരി ഉപയോഗിക്കുക അല്ല വേണ്ടത് . ആ വിഷമത്തെ മാറ്റാൻ ശ്രമിക്കണം" എന്ന് .പിന്നെ അവർ വീണ്ടും അവരുടെ സുഹൃദ്ബന്ധം തുടരുകയും ചെയ്തു .

പവിത്ര സുരേഷ് 8E

## സഹോദരങ്ങളുടെ അസൂയ

ഒരിക്കൽ ഒരു വീട്ടിൽ ആറു കുട്ടികളും ഒരു അച്ഛനും അടങ്ങുന്ന കുടുംബം താമസിച്ചിരുന്നു .അച്ഛന് ഏറ്റവും കൂടുതൽ സ്നേഹം ഇളയ മകനോടായിരുന്നു .അവന്റെ പേരാണ് അമൻ . അതിനാൽ തന്നെ അമനെ സഹോദരങ്ങൾക്ക് ഇഷ്ടമല്ലായിരുന്നു .സഹോദരങ്ങൾക്ക് അച്ഛന്റെ സ്നേഹം അകന്നു പോകുന്നതായി തോന്നിപ്പോയി .അമാനു അച്ഛനോടുള്ള സ്നേഹം കാരണം അവനെ അപായപ്പെടുത്താൻ വരെ ശ്രമിച്ചു . പക്ഷെ അതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല .പിതാവും അമനും എപ്പോഴും സംസാരത്തിലായിരിക്കും ഇതെല്ലം കൂടി ആയപ്പോൾ സഹോദരങ്ങളുടെ അസൂയ വർധിക്കാൻ കാരണമായി .അതിനാൽ അവർ അവനെ വനത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചു .അവർ അച്ഛനോട് കളിയ്ക്കാൻ എന്ന വ്യാജേന അവനെയും കൊണ്ട് വനത്തിലേക്ക് പോയി .അവർ അവനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു . അവനെ കണ്ണുകെട്ടിയിട്ടതിനാൽ എവിടെയാണെന്ന് അവനു മനസിലായില്ല .അങ്ങനെ അവനെ ഒരാട്ടിടയൻ കാണാനിടയായി . അവനെ അവർ സ്വന്തം മകനെപ്പോലെ നോക്കി .അതിനു ശേഷം അവനെ രാജാവിന്റെയടുക്കൽ എത്തിച്ചു .

പക്ഷെ സഹോദരങ്ങൾ അച്ഛനോട് പറഞ്ഞു അവനെ ആന ചവിട്ടികൊന്നു എന്ന് . അച്ഛന് വളരെയടുക്കം സങ്കടമായി . അവർ അങ്ങനെ അവിടെ നിന്നും താമസം മാറി .രാജാവിന്റെയടുക്കൽ എത്തിയ അമൻ ഭാവിയിൽ രാജാവായി മാറുകയും ചെയ്തു .

**നൈന നവാസ് 8B**

## നല്ലവനായ കൃഷിക്കാരൻ

ഒരു ഗ്രാമത്തിൽ ഒരു കർഷകൻ താമസിച്ചിരുന്നു .അയാൾ വളരെ നല്ലവനും സത്യസന്ധനുമായിരുന്നു . ആ കർഷകന്റെ ഭാര്യ കല്യാണം കഴിഞ്ഞു കുറച്ചു കഴിഞ്ഞപ്പോൾ മരണമടഞ്ഞു . അയാൾക്ക് മക്കളോ ബന്ധുക്കളോ മറ്റാരും തന്നെ ഇല്ലായിരുന്നു.ഇയാളുടെ വരുമാനം ആ കൃഷിയിൽ നിന്നുമായിരുന്നു.അയാളുടെ ഉപജീവന മാർഗം കൃഷി ആയിരുന്നു കർഷകന്റെ സ്വാഭാവം വളരെ നല്ലതായിരുന്നതിനാൽ ആ ഗ്രാമത്തിലുള്ളവർക്ക് അയാളുടെ അടുത്ത നല്ല സ്നേഹത്തിലായിരുന്നു .ആ കര്ഷകനോട് ഗ്രാമത്തിലുള്ളവരുടെ സ്നേഹത്തിൽ അയാളുടെ അയൽക്കാരൻ വളരെ അസൂയ കൊണ്ടിരുന്നു . ആ അയൽവാസിക്കു കൃഷിക്കാരനോട് വൈരാഗ്യവും ഉണ്ടായിരുന്നു . അയാളുടെ തകർച്ചയായിരുന്നു അയൽവാസി ആഗ്രഹിച്ചിരുന്നത് .അങ്ങനെയിരിക്കെ അയാൾ നടക്കുന്നതിനിടയിൽ ഒരു കുഴിയിൽ വീണു അയാൾ വളരെ നേരം നിലവിളിച്ചു എന്നിട്ടും ആരും തിരിഞ്ഞു നോക്കിയിരുന്നില്ല അതുവഴി വന്ന കർഷകൻ തന്റെ അയൽക്കാരൻ ഒരു കുഴിയിൽ വീണു കിടക്കുന്നതു കണ്ടു അദ്ദേഹത്തിനടുത്തെത്തുകയും കാര്യം തിരക്കുകയും ചെയ്തു .അയാൾ കാര്യം പറഞ്ഞു . ആ കർഷകൻ അയാളെ രക്ഷപ്പെടുത്തി. അയൽക്കാരനു തന്റെ തെറ്റ് മനസിലായി .അയാൾ കർഷനോട് മാപ്പു പറഞ്ഞു തന്റെ വീട്ടിലേക്ക് പോയി .കർഷകൻ സന്തോഷത്തോടെ തന്റെ വീട്ടിലേക്കും മടങ്ങി . ഇതിൽ നിന്നും മനസ്സിലാക്കാവുന്ന ഒരു കാര്യമുണ്ട്

" അത്യാഗ്രഹം ഓരോ ആപത്തുകൾക്ക് കാരണമാകുന്നു . "

**സാന്ദ്ര . എസ് 8B**

## അച്ഛന്റെ സ്നേഹം

ഒരിടത് ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനുണ്ടായിരുന്നു.അയാളുടെ കുടുംബവുമായി സന്തോഷത്തോടെയാണ് അദ്ദേഹം താമസിച്ചിരുന്നത്. അയാൾക്ക് രണ്ടു കുട്ടികളുണ്ട് .കുട്ടികളുടെ 'അമ്മ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി . അതിനാൽ അച്ഛനാണ് അവരെ വളർത്തിയിരുന്നത് .കൃഷി ചെയ്താണ് ആ കർഷകൻ തന്റെ കുടുംബം പോറ്റിയിരുന്നത് കൃഷി മണ്ണിനെ ആശ്രയിക്കുന്നതുപോലെ ആ കൃഷിക്കാരനും മക്കളും കൃഷിയെ ആശ്രയിച്ചിരുന്നു . കല്ലും മണ്ണും നിറഞ്ഞ ഭക്ഷണമാണ് അവർ എന്നും കഴിച്ചിരുന്നത് . അത് കൊണ്ട് തന്ന ഓരോ ദിവസത്തെയും ചെലവ് കഴിഞ്ഞു പോകുവാൻ വേണ്ടി അയാൾ വളരെയധികം കഷ്ടപെട്ടിരുന്നു . കൃഷിവിളകൾ അങ്ങാടിയിൽ കൊണ്ടുപോയി കുട്ടികൾ ഒരു ദിവസം പത്തു രൂപയെങ്കിലും സമ്പാദിച്ചിരുന്നു . കുട്ടികൾ അങ്ങാടിയിൽ കൊണ്ടുപോയി വിറ്റുകിട്ടുന്ന പണവും അച്ഛന്റെ സമ്പാദ്യവും കൊണ്ടാണ് ആ കുടുംബം ജീവിച്ചുപോകുന്നത് . 'അമ്മ മരിച്ച മക്കളുടെ വിഷമം അവർക്കുണ്ടെന്നു പറയുകയില്ല . അങ്ങനെയാണ് അവരുടെ അച്ഛൻ അവരെ പോറ്റുന്നത് . പിന്നീട് തിരക്കേറിയതും വിഷമകരവുമായ ജീവിതത്തിൽ അദ്ദേഹം വളരെയധികം കഷ്ടപ്പെട്ട് കുട്ടികളെ വളർത്തി .അവരെ ഒരു വിഷമം പോലും അറിയിക്കാതെ അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റി അവരെ നന്നായി വളർത്തി . പിന്നീട് അവർക്ക് നല്ലൊരു ജോലി ലഭിച്ചു . ആ ജോലിയുടെ സാന്നിധ്യത്തിൽ അവരുടെ ജീവിതം സന്തോഷകരമായി മുന്നോട്ടു പോകുന്നു . അതുകൊണ്ടു തന്നെ അവരുടെ ഇടയിൽ എന്നും സ്നേഹവും സന്തോഷവും നിലനിർത്തി ബാക്കിയുണ്ടായിരുന്ന കാലഘട്ടം ഒരുമിച്ചു കുടുംബങ്ങളുമൊത്തു ജീവിച്ചുപോന്നു .

നവമി വിനോദ് 8B

# മയക്കുമരുന്ന്, പുകവലി , മദ്യം ഇവ ഉണ്ടാക്കുന്ന വിപത്തുകൾ

## മയക്കുമരുന്ന്

മയക്കുമരുന്ന് മനുഷ്യന്റെ ജീവിതരീതി മാറ്റുന്നു . മയക്കുമരുന്നിന്റെ ഉപയോഗം മസ്തിഷ്കത്തെ ബാധിക്കുന്നു .ഇതിന്റെ ഉപയോഗം മനുഷ്യന്റെ സമനില തെറ്റിക്കുന്നു . മയക്കുമരുന്നിന്റെ പ്രലോഭനങ്ങളിൽ വീഴുന്നവർ മരണക്കെണിയിൽ അകപ്പെടുന്നതിനു സമമാണ് .മനുഷ്യന്റെ ജീവിതം നശിപ്പിക്കുവാൻ ഇതുപോലുള്ളവ മാത്രം മതി . അതിനാൽ മനുഷ്യന്റെ ജീവിതത്തിൽ നിന്നും മയക്കുമരുന്നുകൾ പോലുള്ള അപകടവസ്തുക്കൾ ഒഴിവാക്കൂ .

ഒഴിവാക്കുക
മയക്കുമരുന്ന്

## പുകവലി

പുകവലി മനുഷ്യന്റെ ആരോഗ്യനിലയെ കൂടുതലായും ബാധിക്കുന്നു .പുകവലി മനുഷ്യനിൽ കാൻസർ പോലുള്ള മഹാരോഗങ്ങൾ വരുത്തുന്നു .പുകവലിക്കുന്നവർക്ക് മാത്രമല്ല ഇത് ശ്വസിക്കുന്നവർക്കും കാൻസർ ഉണ്ടാകാൻ സാഹചര്യമൊരുക്കുന്നു .പുകവലി മനുഷ്യന്റെ ശ്വാസകോശം ഇല്ലാതാക്കുന്നു .ശ്വാസം നിലക്കുവാൻ കാരണമാകുന്നു .

പുകവലി
ആരോഗ്യത്തിന്
ഹാനികരം

## മദ്യം

മദ്യം മനുഷ്യന്റെ കുടുംബജീവിതം തകർക്കുന്നു .മദ്യപാനം മനുഷ്യന്റെ" കരൾ " എന്ന ഭാഗത്തെ ബാധിക്കുന്നു .അതിനു ശേഷം ഹൃദയം , വൃക്കകൾ , ശ്വാസകോശം  തുടങ്ങിയ ഭാഗങ്ങളെയും ബാധിക്കുന്നു .മദ്യപാനം മനുഷ്യനെ എല്ലാവരിൽ നിന്നും അകറ്റുന്നു .

മദ്യപാനം ആരോഗ്യത്തിന് ഹാനികരം

മയക്കുമരുന്ന് , പുകവലി , മദ്യപാനം എന്നീ മൂന്നു ദുശീലങ്ങൾ മനുഷ്യനെ ഇല്ലാതാക്കുന്നതിനൊപ്പം അവരുടെ കുടുംബത്തിൽ നിന്നും നാട്ടുകാരിൽ നിന്നും അകറ്റുന്നു . ഇവ മൂന്നും ഉണ്ടാക്കുന്ന വിപത്തുകൾ വളരെ വലുതാണ് .

പുകവലി , മദ്യപാനം , മയക്കുമരുന്ന് ഇവ ഉണ്ടാക്കുന്ന
വിപത്തുകൾ വളരെ വലുതാണ് .

സാന്ദ്ര എസ് 8B

## എന്റെ കേരളം എന്റെ ഭാഷ

ഞാൻ ജനിച്ചുവളർന്ന എന്റെ സ്വന്തം സംസ്ഥാനം ," ദൈവത്തിന്റെ സ്വന്തം നാട് "എന്നറിയപ്പെടുന്ന,കേരളം എന്ന കുഞ്ഞു സംസ്ഥാനത്തെ ഓർത്തു ഞാൻ

വളരെയധികം അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു . സുന്ദരവും പ്രകൃതിഭംഗിയുള്ളതുമായഒരു ചെറിയ സംസ്ഥാനമാണ് നമ്മുടെ കേരളം .ഈ കേരളത്തിൽ ജനിച്ചതിൽ ഞാൻ വളരെ അഭിമാനിക്കുന്നു . എനിക്ക് സന്തോഷവും സങ്കടവും ഒരുപോലെ തരുകയും അതിനുള്ള മാർഗം തരികയും ചെയ്യുന്ന ദൈവത്തിന്റെ സ്വന്തം നാടാണ് എന്റെ കേരളം

"ഞാൻ ജനിച്ച എന്റെ കേരളം
ഞാൻ വളർന്ന എന്റെ കേരളം
ദൈവത്തിന്റെ സ്വന്തം നാട്
എന്റെ സുന്ദര കേരളം "

കാടും മാലയും തോടും വയലും എല്ലാം കൊണ്ടും വളരെ സുന്ദരമായ ഒരു പ്രദേശമാണ് എന്റെ കേരളം . എന്റെ അമ്മയാണ് കേരളം .വളരെ സന്തോഷമായി ജീവിക്കുന്ന ഒരു കൂട്ടം മലയാളികൾ താമസിക്കുന്ന കുഞ്ഞുകേരളം .സ്നേഹം , സൗഹൃദം ,കുടുംബബന്ധങ്ങൾ എന്നിങ്ങനെയുള്ള ഒരുപാടു വികാരങ്ങൾ നിലകൊള്ളുന്ന കേരളം . ഒരുപാടു പാട്ടുകൾ ഉണ്ടാകുന്ന കുഞ്ഞിക്കിളിയുടെ കൂടായ കേരളം .

ഒരു കുടുംബം സന്തോഷപൂർവമാകണമെങ്കിൽ സ്നേഹം , പരിഭവം ,പ്രേമം ,അനുരാഗം എന്നിങ്ങനെയുള്ള വികാരങ്ങൾ ആ കുടുംബത്തിനുള്ളിൽഉണ്ടാകണം .

അങ്ങനെയുള്ള ഒരു കുടുംബമാണ് നമ്മുടെ കൊച്ചുപ്രശാന്ത സുന്ദരമായ കേരളം .....

കേരളത്തിൽ അംസരിക്കുന്ന മാതൃഭാഷയായ മലയാളം ദ്രാവിഡഗോത്രത്തിന്റെ പുത്രി എന്നറിയപ്പെടുന്ന ഒരു ഭാഷയാണ് . അമ്മയുടെ സ്നേഹം പോലെയാണ് നമ്മുടെ മലയാളം . അമ്മയുടേ സ്നേഹവും വാത്സല്യവും ഉപദേശങ്ങളും പറഞ്ഞുതരുന്ന നാടും ഭാഷയുമാണ് നമ്മുടെ കേരളവും പിന്നെ മലയാളവും . മഹാകവി വള്ളത്തോളിന്റെ" എന്റെ ഭാഷ " , കുരീപ്പുഴ ശ്രീകുമാറിന്റെ "അമ്മമലയാളം " എന്നീ കവിതകളിൽ മലയാള ഭാഷയുടെ മഹത്വം വെളിവാക്കുന്നു .

**കൃഷ്ണപ്രിയ.ആർ**

## ലഹരി ജീവനെ ആപത്തിലാക്കുന്നു ...... ഒഴിവാക്കുക ലഹരി

ഒരു ജീവിതം മുഴുവൻ ഇല്ലാതാക്കുവാൻ ലഹരി എന്ന വസ്തു മാത്രം മതി . ഒരു നാടിനെ ശവപ്പറമ്പാക്കി മാറ്റുവാൻ ശ്രമിക്കുന്ന ഒരു വസ്തുവാണ് ലഹരി . ആ ലഹരി യുടെ ഉപയോഗം മരണത്തിലെത്തിക്കുന്നു എന്നുപോലും ചിന്തിക്കാതെയാണ് മനുഷ്യൻ ഉപയോഗിക്കുന്നത് .ലഹരിയുടെ ഉപയോഗം ഏതാണ് കൂടുന്നുവോ അത്രയും ദുരിതങ്ങൾ കൂടുന്നു .ലഹരിയുടെ ഉപയോഗം കുടുംബ ബന്ധങ്ങൾ, സഹോദരബന്ധങ്ങൾ , കൂട്ടുകാർ , എന്നീ സ്നേഹബന്ധങ്ങളെ തകർക്കുന്നു . ലഹരിയുടെ ഉപയോഗം കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും നമ്മെ അടർത്തി മാറ്റുന്നു . ഒത്തിരി സ്നേഹിക്കുന്ന കൂട്ടുകാരും നാട്ടുകാരും നമ്മെ വെറുക്കുന്നു .ലഹരിയുടെ ഉപയോഗം ജീവിതം മാറ്റി മറിക്കുന്നു . നമ്മുടെ നാടിൻറെ സുരക്ഷിതത്വ ഉറപ്പാക്കണമെങ്കിൽ ആദ്യം മയക്കുമരുന്ന് , കഞ്ചാവ് ,മദ്യം എന്നിങ്ങനെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം കുറക്കുക.

അതുവഴി നമ്മുടെ യും നമ്മുടെ ചുറ്റിനുമുള്ളവരുടെയും ജീവനും ജീവിതവും നന്നാകുന്നു.

വാർത്തെടുക്കാ ലഹരിവിമുക്ത കേരളം

**സാന്ദ്ര എസ് 8B**

## ഗുണ്ടുവിനെ പറ്റിച്ചേ .........

മുത്താരം കാട്ടിലായിരുന്നു കുട്ടുകുരങ്ങന്റെ താമസം. നല്ലവനായ അവനെ എല്ലാവർക്കും ഇഷ്ടമായിരുന്നു . ഒരു ദിവസം കുട്ടുകുരങ്ങ ചക്കരമാവിലിരുന്നു മാമ്പഴം തിന്നുകയായിരുന്നു .അപ്പോഴാണ് സൂത്രക്കാരനായ ഗുണ്ടുക്കരടി അതുവഴിവന്നത് . മാമ്പഴം കണ്ടു ഗുണ്ടുവിന് കൊതിയായി . "എനിക്കും കുറച്ച മാമ്പഴം തരുമോ ? നാളെ ഞാൻ നിനക്ക് നല്ല തേൻ തരാം ." ഗുണ്ടു പറഞ്ഞു .

നല്ലവനായ കുട്ടു കുറെ മാമ്പഴം താഴേക്ക് ഇട്ടുകൊടുത്തു . ഗുണ്ടു അതുമായി ഓടിപോയി . പിറ്റേന്ന് ഗുണ്ടു ചക്കരമാവിന്റെ ചുവട്ടിലെത്തി . കുട്ടു കുറെ മാമ്പഴം താഴേക്കിട്ടു കൊടുത്തു . ഗുണ്ടു അതുമുഴുവൻ വാരിയെടുത്തു ."നീയെനിക്കു തേൻ തന്നില്ലല്ലോ? " കുട്ടു ചോദിച്ചു . "നാളെ എല്ലാം കൂടി ചേർത്ത് തരന്നെ

...ഹി ...ഹി ...ഹി ..." ഗുണ്ടു മാമ്പഴവുമായി ഓടിപോയി . ഗുണ്ട് തന്നെ പറ്റിക്കുകയാണെന്നു കുട്ടുവിനു മനയിലായി .

ചക്കരമാവിൽ താമസമാക്കിയിരുന്ന കിങ്ങിണിക്കാക്ക ഇതെല്ലം കാണുന്നുണ്ടായിരുന്നു . ബുദ്ധിമതിയായ അവൾ പറഞ്ഞു "കുട്ടു ,ഗുണ്ട് മഹാ കള്ളനാ , അവൻ നിനക്ക് തേൻ തരികയൊന്നുമില്ല ഞാനൊരു സൂത്രം പറഞ്ഞുതരാം നാളെ അവൻ വരുമ്പോൾ നീ ഒരു സഞ്ചി നിറയെ ഉരുളൻകല്ലുകൊടുത്താൽ മതി ."

കുട്ടു സമ്മതിച്ചു . പിറ്റേന്ന് ഗുണ്ട് വന്നപ്പോൾ കുട്ടു ഒരു സഞ്ചി നീട്ടി . "ഇതാ കുറെ മാമ്പഴമുണ്ട .നിനക്ക് കൊണ്ടുപോകാൻ എളുപ്പത്തിൽ ഞാനൊരു സഞ്ചിയിലാക്കിയതാ." കുട്ടു പറഞ്ഞു . "നന്നായി " ഗുണ്ട് സഞ്ചിയുമായി ഓടാനൊരുങ്ങി ."എനിക്കുള്ള തേനെവിടെ?"കുട്ടു ചോദിച്ചു ." അതോ? നാളെ തരാമെന്ന" ഗുണ്ടു ഓടിപോയി .

ഗുഹയിലെത്തിയ ഗുണ്ട് ആർത്തിയോടെ സഞ്ചി തുറന്നു . എന്നിട്ടോ?ഒന്നും നോക്കാതെ ഒരെണ്ണമെടുത്ത് ഒറ്റക്കടി " കറും" ഗുണ്ടു കടിച്ചത് കല്ലിലല്ലേ? അവന്റെ പല്ലു ഒടിഞ്ഞുപോയി . തേൻ കൊടുക്കാത്തതിന് കുട്ടു തന്നെ പറ്റിച്ചതാണെന്നു ഗുണ്ടുവിന് മനസിലായി .

പിറ്റേന്ന് അതുവഴി വന്ന ഗുണ്ടുവിനോട് കിങ്ങിണികാക്ക ചോദിച്ചു ."എങ്ങനെയായിരുന്നു മാമ്പഴം ? നല്ല മധുരമായിരുന്നോ ?"താൻ കുട്ടുവിനെ പറ്റിക്കുന്നത് എല്ലാവരും അറിഞ്ഞെന്ന് ഗുണ്ടുവിന് മനസിലായി .

നാണിച്ചുപോയ ഗുണ്ടു അവിടെ നിന്നും ഓടിപോയി . പിന്നീട് ആരും അവനെ ആ കട്ടിൽ കണ്ടിട്ടേയില്ല .

**സ്നേഹ എം ജെ**

# ലഹരി വിമുക്ത കേരളം

ഇന്ന് നമ്മുടെ നാട്ടിൽ കൂടുതലായും കണ്ടുവരുന്ന ഒരു പ്രശ്നമാണ് ലഹരിയുടെ ഉപയോഗം . ഇപ്പോൾ ലഹരി എന്ന് കേൾക്കും മുമ്പ് തന്നെ വിദ്യാർത്ഥികളും മറ്റു വ്യക്തികളും ആ മരണക്കെണിയിലേക്കു ചാടുന്നു . ഈ ലഹരിയുടെ ഉപയോഗം കാരണം കൂട്ടുകാർ , കുടുംബാംഗങ്ങൾ , നാട്ടുകാർ എന്നിവരിൽ നിന്നും അകലാൻ പ്രേരിപ്പിക്കുകയും ഒടുവിൽ ആത്മഹത്യാ എന്ന ചിന്തയിൽ വരെ എത്തിക്കുന്നു .ഒരു പ്രാവശ്യം ലഹരിയിൽ വീണുപോയാൽ പിന്നെ അതിൽ നിന്നും രക്ഷപ്പെടുക എന്നത് അസാധ്യമാണ് .ലഹരി എന്ന ചുഴിയിൽ പെട്ട് പോയാൽ മരണത്തിലേക്കാണ് യാത്രയാകുന്നത് എന്നുപോലും ചിന്തിക്കാതെയാണ് ഇതിലേക്ക് എത്തുന്നത് .കുടുംബം , കൂട്ടുകാർ , കുട്ടികൾ എന്നിവരിൽ നിന്നും അകന്നു മാറുവാൻ ഈ ലഹരി എന്ന വസ്തു കാരണമാകുന്നു .ഈ ലഹരി ഉപയോഗിച്ചതിനുശേഷം സ്വന്തം സഹോദരിയെപോലെ കാണാനുള്ളവറോഡ് മോശമായ രീതിയിൽ പെരുമാറുന്നു . മോഷണം ,പിടിച്ചുപറി , കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുവാൻ ലഹരി എന്ന ഈ വസ്തു കാരണമാകുന്നു . ലഹരിയുടെ ഉപയോഗം മനുഷ്യന്റെ സമനില തെറ്റിക്കുന്നു .

" കേട്ടോ കേട്ടോ നമ്മുടെ നാട്ടിൽ '
ലഹരിക്കടിമകൾ ഒരുപാടുണ്ട്
ലഹരി എന്ന് കേൾക്കും മുമ്പേ

മനുഷ്യൻ അതിലേക്ക് വീഴുന്നു "......

ഒരു നാടിനെ മുഴുവനും സവപ്പറമ്പ് ആക്കുവാൻ ലഹരിവസ്തുക്കൾ മാത്രം മതി .ഒരു നാടിൻറെ രക്ഷക്കായി നമുക്കൊരുമിക്കാം കൂട്ടരേ ...........

നമ്മുടെ നാടിൻറെ സുരക്ഷ നമ്മുടെ ഉത്തരവാദിത്വമാണ് . ഒരു രാജ്യത്തിൽ ബഹുഭൂരിപക്ഷം വ്യക്തികളും ലഹരിയുടെ വലയിലാണ് .

ഉപേക്ഷിക്കു ലഹരി

ഒരുമിക്കാം ലഹരിവിമുക്ത കേരളത്തിനായി .........

# ഉണ്ണിക്കണ്ണൻ

അമ്മതൻ മടിയിൽ
പൊന്നുണ്ണിയായി
അച്ഛൻ തൻകിനാവിൽ താരമായി
മുത്തശ്ശിക്കോ  ഒരു ചെല്ല-
മായ് മാറി ഞാൻ
മുത്തശ്ശിക്കഥകൾക്ക്-
തോഴനായി.

വാഗതൻ ചോട്ടിൽ
കൂട്ടുകാരോടൊത്ത്
ഓണപ്പൂ തേടി നടന്നൊരാക്കാലം
കാട്ടിലേക്കോടിയും
തൊടിയിലേക്കോടിയും
.പൂക്കൾ പറിച്ചും രസിച്ചകാലം

ഉഞ്ഞാലിലാടിയും പുടവകൾ
മാറിയും
അമ്മതൻ പൊന്നുണ്ണിയായ
കാലം.
ഓടിട്ട വീടിന്റെ ചുമരുകൾക്കുള്ളിൽ
ഓരോരോ ചിത്രവും നിറഞ്ഞ കാലം.

അമ്മതൻ കോപം നെഞ്ചിൽ
-തറച്ചപ്പോൾ, അച്ഛനെൻ
-കൂടെയുണ്ടായിരുന്നു. അച്ഛനു
മൊത്ത് ഞാൻ പള്ളിക്കൂടത്തിന്റെ
.പാതയിൽ ചിണുങ്ങി നിന്നിരുന്നു

കൂട്ടുകാരോടൊത്തു മഞ്ചാടിയും
പിന്നെ ഗോലിയും. പുളിയും
ശേഖരിച്ചു. പള്ളിക്കൂടത്തിന്റെ
ചെറു വരാന്തയ്ക്കുള്ളിൽ ഗോലി-
കളിച്ചു രസിച്ചിരുന്നു.
വയലാറും, ആശാനും, നമ്പ്യാരും
എന്നുടെ പുസ്തക
കൂട്ടുകാരായിരുന്നു.

ചിത്ര ലോകത്തിന്റെ വിസ്മയ
; വാതിലിൽ ബാല്യമെന്ന മാടി
-വിളിച്ചിരുന്നു.  ബാല്യം എനിക്കാ
യി നനവുള്ള ഓർമ്മകൾ
.നൽകി മടങ്ങിപ്പോയിരുന്നു

അമ്മതൻ ജീവനും അച്ഛൻ
തൻ പ്രാണനും എന്നിൽ
നിന്നും എടുത്തിരുന്നു.
ഏകനായ് വീചിയിൽ ആരോരു-
മില്ലാതെ ബാല്യം എൻ ഹൃദയം
തകർത്തിരുന്നു.

ബാല്യം എനിക്കായി കൗമാര
-വർണങ്ങൾ ചാലിച്ചു യുവ
.ത്വവും ഏകിയിരുന്നു
എന്റെ ചിത്രങ്ങളിൽ എന്റെ
രചനയിൽ ബാല്യത്തിനോർമ്മ
നിറഞ്ഞിരുന്നു
കൂട്ടുകാരുണ്ടായിരുന്നില്ല എങ്കിലും

കൂട്ടായിരുന്നവൾ കൂടെയുണ്ട്
ഞാനും അവളും ഒരുമിച്ച്
പങ്കിട്ട ബാല്യത്തിനാഹ്ലാദ -
മിന്നുമുണ്ട് കണ്ണീരും വേദന-
യുമായെന്റെ ജീവന്റെ സുന്ദര
കാലം കഴിഞ്ഞിരുന്നു.

-കണ്ണീരാണെങ്കിലും  ആ ബാല്യ
മിന്നെന്റെ സ്വപ്നത്തിൻ
.നിറങ്ങൾ ചാലിച്ചിരുന്നു
-കണ്ണീരാണെങ്കിലും ആ ബാല്യ
മിന്നെന്റെ കണ്ണിൽ നിറഞ്ഞൊരു
.സ്വപ്നമായി

ജീവിതം പേറുന്ന കൊഞ്ചലും,
കുറുമ്പും, കുട്ടികുസൃതിയും,
മാഞ്ഞിരുന്നു. കൊല്ലങ്ങൾ നീങ്ങും
തോറുമാ ബാല്യം എന്നിൽ
നിന്നകലേക്ക് പോയിരുന്നു.

ഇന്നിതാ മക്കൾ തൻ ബാല്യം
കോൺക്രീറ്റ് ചുമരുകൾക്കുള്ളിൽ
- ഒതുങ്ങുന്നു ചേറിലിറങ്ങി
-യാൽ പേടിയും പിന്നെ മാംസഭോ
ജനത്തിന് മത്സരവും ബാല്യം
മറഞ്ഞു അകന്നു എന്നുടെ
ജീവിതം രണ്ടാം ബാല്യത്തിനായ്

മക്കൾതൻ തണലിൽ രണ്ടാം
ബാല്യം ഞാൻ പങ്കിടുന്നു
അവസാന കാലത്ത്

ബാല്യം മധുരമാർന്നോർമ്മകൾ
-സമ്മാനിച്ചെന്നെന്നേക്കുമായ
കന്നിരുന്നു ആ സ്വപ്ന
ദിവസങ്ങൾ ജീവിതത്തിൻ
സങ്കീർത്തനാഗീതമായി
.മാറിയിരുന്നു

സന്ധ്യയും രാത്രിയും
അണഞ്ഞിരുന്നു
നാളെ ഈ ബാല്യം എനിക്കായ്
ജനിച്ചെങ്കിൽ ആഹ്ലാദം
തൂകി ഞാൻ തുളുമ്പിയേനെ

വരുമോ ഒരിക്കൽ കൂടിയാ ബാല്യം
നിഷ്കളങ്കത തൻ നിശ്ചല ബാല്യം
കണ്ണീരു നൽകാത്ത സുന്ദര
ബാല്യം എനിക്കായി പുനർ
ജനിച്ചിരുന്നെങ്കിൽ